ഉത്തരം

(എ) പൊതുമേഖലയിലും സഹകാര്യമേഖലയിലും സംസ്ഥാനത്തെ നഗരങ്ങളിലും കെട്ടിടം നിർമ്മിക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം ആവശ്യമില്ല. കെട്ടിടനിർമ്മാണത്തിന് അംഗീകാരം കൊടുക്കുന്നത് അതാതുപ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വികസന അതോറിറ്റികളുമാണ്.

(ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1984-ലെ കേരള കെട്ടിട നിർമ്മാണ നിയമമനുസരിച്ച് സാധാരണ രീതിയിലുള്ള കെട്ടിടങ്ങളും അതായത് വീടുകളും, കച്ചവട സ്ഥാപനങ്ങളും മുതലായവ നിർമ്മിക്കുന്നതിന് നഗരാസൂത്രണ വകുപ്പിന്റെ അംഗീകാരം ആവശ്യമില്ല. എന്നാൽ പ്രത്യേകതരത്തിലുള്ള കെട്ടിടങ്ങളും അതായത് പൊതുസ്ഥാപനങ്ങളും, ആളുകൾ തടിച്ചുകൂടുന്ന സ്ഥലങ്ങളും (കല്യാണ മണ്ഡപങ്ങളും, സിനിമാശാലകളും) ഫാക്ടറി ആക്ടിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളും, പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകാനിടയുള്ള രീതിയിൽ ഉപയോഗിക്കുന്ന കെട്ടിടങ്ങളും മുതലായവയുടെ സ്ഥലനിർണ്ണയത്തിനും, ലേ ഔട്ട് അംഗീകാരത്തിനും മാത്രമേ നഗരസംവിധാന വകുപ്പിന്റെ അംഗീകാരം ആവശ്യമുള്ളൂ. ഇത് തീർത്തും പൊതുജനനന്മയെ ലക്ഷ്യമാക്കിയിട്ടുള്ളതുമാണ്.

സഹകാര്യ കോളേജ് മാനേജുമെന്റുകളുടെ നിർബന്ധ പണപ്പിരിവ്

870 [250] ശ്രീ. സി. കെ. തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ:
,, കെ. മൂസ സക്കുട്ടി:
,, ടി. കെ. ആറുമുഖൻ:
,, പി. സി. തോമസ് (കടുത്തുരുത്തി): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സർവ്വകലാശാലാ ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് സഹകാര്യ കോളേജ് മാനേജുമെന്റുകൾ വിദ്യാർത്ഥികളിൽനിന്നും നിർബന്ധ പണപ്പിരിവ് നടത്തുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇതു സംബന്ധിച്ച് വല്ല പരാതിയും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) പണം നൽകാത്ത വിദ്യാർത്ഥികളുടെ ഹാൾ ടിക്കറ്റും എസ്.എസ്.എൽ.സി. ബുക്കും കൊടുക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.
(ബി) ഈ വർഷം ലഭിച്ചിട്ടില്ല.
(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly